കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ മേയർക്ക്സ്വന്തംവാഹനം ഔദ്യോഗിക വാഹനമായി ഉപയോഗിക്കുന്നതിന് താൽക്കാലിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3640/15/തസ്വഭവ തിരുവനന്തപുരം, തീയതി : 04/12/2015.

പരാമർശം - കോഴിക്കോട് കോർപ്പറേഷൻ മേയറുടേ 26.11.2015-ലെകത്ത്.

ഉത്തരവ്

കോഴിക്കോട് കോർപ്പറേഷൻ മേയർ പരാമർശത്തിലെ കത്തിൽ കോർപ്പറേഷനിലെ നിലവിലെ വാഹനം ഉപയോഗത്തിന് അനുയോജ്യമല്ലാത്തതിനാൽ കോർപ്പറേഷൻ മേയറുടെ ഉപയോഗത്തിനായി പുതിയകാർ വാങ്ങുന്നതുവരെ മേയറുടെ സ്വകാര്യവാഹനമായ KL11/BA07 നമ്പർ ഇന്നോവ കാർ ഔദ്യോഗികവാഹനമായി ഉപയോഗിക്കുന്നതിന് അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശത്തിലെ അപേക്ഷ കണക്കിലെടുത്ത് മേയറുടെ സ്വകാര്യ വാഹനമായ KL11/BA07 നമ്പർ ഇന്നോവ കാർ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് താല്കാലികമായി ഔദ്യോഗിക വാഹനമായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)<br>
കെ.എസ്.ശോഭന<br>
ജോയിന്റ്സെക്രട്ടറി

ഡയറക്ടർ,ഓഫ് അർബൺ അഫയേഴ്സ്,തിരുവനന്തപുരം<br>
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ<br>
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.<br>
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.<br>
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.<br>
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)<br>
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ